ഉത്തരം

(എ) സംസ്ക്കാരസമ്പന്നമായ ഏതു സമൂഹത്തിലും അംഗീകരിക്കപ്പെടുന്ന പരിമിതികൾക്കു വിധേയമായി ആവിഷ്ക്കാര സ്വാതന്ത്ര്യം എല്ലാവർക്കും ഉണ്ടാകണമെന്നതാണ് ഗവൺമെന്റിന്റെ നയം.

(ബി)&(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) 1960-ലെ കേരള ഗവൺമെന്റ് സർവന്റ്സ് കോൺഡക്ട് റൂൾസിലെ നിബന്ധനകൾ പ്രകാരം സർക്കാരുദ്യോഗസ്ഥന്മാർക്ക് ഒരു പെരുമാറ്റച്ചട്ടം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ ചട്ടങ്ങൾക്ക് വിധേയമായി മാത്രമേ സർക്കാർ ജീവനക്കാർക്ക് ആവിഷ്ക്കാര സ്വാതന്ത്ര്യം അനുവദിച്ചിട്ടുള്ളൂ.

(ഇ)&(എഫ്) ശ്രീമൂലനഗരം മോഹനനോട് 'അമരാവതി സബ്ട്രഷറി' എന്ന നാടകം രചിച്ചത് സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങിയിട്ടാണോ എന്ന് ചോദിച്ചിട്ടുണ്ട്. മറ്റു നോട്ടീസുകളൊന്നും അയച്ചിട്ടില്ല. നിലവിലുള്ള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ 62-ാം വകുപ്പുപ്രകാരം ഏതെങ്കിലും വിധത്തിലുള്ള രചനകളും ലേഖനങ്ങളും എഴുതി പ്രസിദ്ധപ്പെടുത്തുന്നതിന് സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങേണ്ടതുണ്ട്. ഈ സാഹചര്യത്തിലാണ് മേൽപ്രകാരം ചോദിച്ചത്.

(ജി) ഇത് സംബന്ധിച്ച് വ്യക്തമായ ചട്ടങ്ങൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്. പ്രസ്തുത ചട്ടങ്ങൾ മാനിക്കപ്പെടുന്നതാണ്.

32 (2333) കേന്ദ്ര സർക്കാരിനു നൽകിയ നിവേദനങ്ങൾ

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന് എത്ര നിവേദനങ്ങൾ നൽകിയിട്ടുണ്ട്;

(ബി) പ്രസ്തുത നിവേദനങ്ങളിൽ ആവശ്യപ്പെട്ട കാര്യങ്ങൾ എന്തെല്ലാമായിരുന്നു;

(സി) അതിൽ ഏതെല്ലാം കാര്യങ്ങളാണ് കേന്ദ്ര സർക്കാർ അംഗീകരിച്ചത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)(ബി)&(സി) വിവരം ശേഖരിച്ചു വരുന്നു.

33 (2335) 1946-ലെ മലബാർ-തെക്കൻ കർണ്ണാടക ബീഡി തൊഴിലാളി സമരം സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമാക്കാൻ നടപടി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1946-ൽ നടന്ന മലബാർ-തെക്കൻ കർണ്ണാടക ബീഡി തൊഴിലാളി സമരം സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly